# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1184 06.02.2020 -ൽ മറുപടിക്ക്**

**കരാറുകാരുടെ ലൈസൻസുകൾ പുതുക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.എൻ.എ ഖാദർ :** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

(എ) കുടിശ്ശികകൾ നൽകാത്തതിനെത്തുടർന്ന് സർക്കാരിന്റെ ടെൻഡറുകൾ ബഹിഷ്ക്കരിക്കാൻ നിർമ്മാണ മേഖലകളിൽ പ്രവർത്തിക്കുന്ന സർക്കാർ കരാറുകാർ തീരുമാനമെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് വിശദമാക്കുമോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരാറുകാരുടെ ലൈസൻസുകൾ പുതുക്കി നൽകുന്നതിൽ ഏതെങ്കിലും നിബന്ധനകൾ ഇപ്പോൾ മാറ്റി ഉത്തരവിറക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) ജി.ഒ.(എം.എസ്.) നമ്പർ.60/2019/ പൊ.മ.വ. തീയതി 27/12/2019 പ്രകാരം 01/04/2020 മുതൽ കരാറുകാരുടെ ലൈസൻസ് രജിസ്റ്റർ ചെയ്യുന്നതും അവ പുതുക്കുന്നതും പ്രൈസ് സോഫ്റ്റ് വെയർ വഴി നടത്തണമെന്ന് ഉത്തരവായിട്ടുണ്ട്. ലൈസൻസ് ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് ദേശസാൽകൃത / ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നുമുള്ള നിബന്ധനകൾ ഒന്നുമില്ലാത്ത ബാങ്ക് ഗ്യാരന്റി സമർപ്പിക്കണമെന്ന് ഈ ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതിനു പുറമെ കരാർ ലൈസൻസ് പുതുക്കുമ്പോൾ ബാങ്കുകൾ നൽകുന്ന കേപ്പബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന വ്യവസ്ഥയിൽ ഇളവുകൾ നൽകുന്ന കാര്യത്തിൽ സർക്കാർ ഉത്തരവിറക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**